(ബി) അത്തരം പോസ്റ്റുകളിൽ നിയമനം നടത്തുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) പി.ഇ.ടി., മ്യൂസിക്, ഡ്രോയിംഗ് തുടങ്ങിയവിഷയങ്ങളിൽ കുട്ടികൾക്ക് മതിയായ പരിശീലനം ലഭിക്കാതെ പോകുന്നതിന് പരിഹാരം കാണുമോ?

ഉത്തരം

(എ) എയിഡഡ് പ്രൈമറിസ്കൂളുകളിൽനിന്നും റിട്ടയർ ചെയ്യുന്ന പ്രൊട്ടക്ഷൻ വിഭാഗത്തിൽപ്പെടാത്ത സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പോസ്റ്റുകളിൽ വീണ്ടും നിയമനം നടത്തുന്നതിന് നിയമതടസ്സമൊന്നും ഇപ്പോൾ ഇല്ല.

(ബി, സി) ഇത്തരം പോസ്റ്റുകളിൽ നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്.

ടി.ടി.സി.ക്ക് തിരഞ്ഞെടുക്കുന്നതിനുള്ള മാർക്കുകളുടെ നിബന്ധന

1154 [1842] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ടി.ടി.സി.ക്ക് തിരഞ്ഞെടുക്കുന്നതിനുള്ള മാർക്കുകളുടെ നിബന്ധനയിൽ അയവുവരുത്തുന്നതിന് ഗവൺമെന്റിന് ആലോചനയുണ്ടോ?

ഉത്തരം

ഇല്ല.

നേഴ്സറി ടീച്ചർമാരുടെ ഒഴിവുകളിൽ ബാലസേവിക സർട്ടിഫിക്കറ്റുകാരെ നിയമിക്കുന്നതിന് നിർദ്ദേശം

1155 [1843] ശ്രീ. കെ. സുകുമാരനുണ്ണി: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സറി ട്രെയിനിംഗ് സർട്ടിഫിക്കറ്റും ബാലസേവികാ ട്രെയിനിംഗ് സർട്ടിഫിക്കറ്റും ലഭിച്ചിട്ടുള്ളവർ തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ;

(ബി) നേഴ്സറി ടീച്ചർമാരുടെ ഒഴിവുകളിൽ ബാലസേവിക സർട്ടിഫിക്കറ്റുകാരെ നിയമിക്കുന്നതിന് തടസ്സമുണ്ടോ;

(സി) രണ്ടുസർട്ടിഫിക്കറ്റും തുല്യമായി കണക്കാക്കാമോ?

ഉത്തരം

(എ, ബി, സി) വിദ്യാഭ്യാസവകുപ്പിൽ നഴ്സറി അദ്ധ്യാപകൻമാരുടെ നിയമനത്തിന് നേഴ്സറി ട്രെയിനിംഗ് സർട്ടിഫിക്കറ്റ് (കൊച്ചി, തിരുവിതാംകൂർ, തിരുകൊച്ചി, കേരള) മദിരാശി ഗവൺമെന്റിന്റെ സെക്കൻറി ഗ്രേഡ് നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്, ശിശുക്ഷേമസമിതിയുടെ ബാലസേവിക ട്രെയിനിംഗ് സർട്ടിഫിക്കറ്റ് എന്നിവ തുല്യയോഗ്യതകളായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly